## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1882** **12-02-2013 ൽ മറുപടിക്ക്**

### അബ്ദുൽ നാസർ മഅദ്നിക്ക് നീതി ലഭിക്കാൻ സ്വീകരിച്ച നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. എ. ബേബി<br>ഡോ .കെ.ടി. ജലീൽ<br>ശ്രീ. പി.റ്റി.എ റഹിം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) ബംഗളൂരുവിൽ ജയിലിൽ കിടക്കുന്ന അബ്ദുൾ നാസർ മഅദ്നിക്ക്, ഇന്ത്യയിൽ ഏതു പൌരനും അവകാശപ്പെട്ട നീതിയും മാനുഷിക പരിഗണനയും ലഭിക്കാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | എ) വിചാരണ തടവുകാരനായി ബംഗളൂരുവിലെ ജയിലിൽ കിടക്കുന്ന അബ്ദുൾ നാസർ മഅദ്നിയെ മോചിപ്പിക്കുന്ന കാര്യത്തിൽ തീരുമാനം എടുക്കേണ്ടത് ബന്ധപ്പെട്ട നീതിന്യായക്കോടതിയാണ്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് ഇടപെടാൻ സാധിക്കുകയില്ല. എന്നാൽ ഇന്ത്യയിൽ എതു പൌരനും അവകാശപ്പെട്ട മാനുഷിക പരിഗണന മഅദ്നിക്ക് ലഭ്യമാക്കുന്നതിനും വിദഗ്ദ്ധ ചികിൽസ വീഴ്ച കൂടാതെ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് സ്വീകരിച്ച വരുന്നുണ്ട്. വിവിധ അസുഖങ്ങൾക്കായി മഅദ്നിക്ക് ആയുർവേദ ചികിൽസയും പഞ്ചകർമ്മ ചികിൽസയും നൽകിവരുന്നുണ്ട്. |
| ബി) നിരപരാധിത്വം തെളിയിക്കാൻ എടുത്ത ഒമ്പതര വർഷം ജയിലിൽ കഴിഞ്ഞ മഅദ്നി, മറ്റൊരു കേസിൽ പ്രതിചേർക്കപ്പെട്ടയാളുടെ മൊഴിയുടെ മാത്രം അടിസ്ഥാനത്തിലാണിപ്പോൾ ബംഗളൂരുവിൽ ജയിലിൽ അടയ്ക്കപ്പെട്ടതെന്ന കാര്യം സർക്കാർ പരിഗണിച്ചിട്ടുണ്ടോ; | ബി) വിചാരണക്കോടതിയാണ് ഇക്കാര്യം പരിഗണിക്കേണ്ടത്. |
| സി) മാനുഷികമായ പരിഗണന മഅദ്നിക്ക് ലഭിക്കാത്ത സാഹചര്യത്തിൽ മനുഷ്യാവകാശത്തിനുവേണ്ടി, കർണ്ണാടക ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതുൾപ്പെടെ മറ്റെന്തെല്ലാം നടപടികളാണ് ഉചിതമായിട്ടുള്ളതെന്ന് സർക്കാർ ആലോചിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സി) മഅദ്നിക്ക് മാനുഷിക പരിഗണന ഉറപ്പു വരുത്തുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരിന് നിയമാനുസൃതം സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും എടുത്തിട്ടുണ്ട്. വിദഗ്ദ്ധചികിൽസ വീഴ്ച കൂടാതെ ലഭ്യമാക്കുന്നതിനുമുള്ള നടപടികൾ കർണ്ണാടക സർക്കാരുമായി ബന്ധപ്പെട്ട് സ്വീകരിച്ച വരുന്നുണ്ട്. വിവിധ അസുഖങ്ങൾക്കായി മഅദ്നിക്ക് പഞ്ചകർമ്മ ഉൾപ്പെടെയുള്ള ചികിൽസ ലഭ്യമാക്കിയിട്ടുണ്ടെന്നാണ് സർക്കാരിന് ലഭിച്ച റിപ്പോർട്ട്. |

| | |
|---|---|
| ഡി) മഅദ്നിയുടെ ആരോഗ്യനിലയെ സംബന്ധിച്ച ആറുമാസത്തെ മെഡിക്കൽ റിപ്പോർട്ട് രേഖാമൂലം സർക്കാരിന് ലഭ്യമായോ? | ഡി) അബ്ദുൾ നാസർ മഅദ്നിയെ ജയിലിൽ പ്രവേശിപ്പിച്ചതു മുതൽ ആഗസ്റ്റ് 2012 വരെയുള്ള മെഡിക്കൽ റിപ്പോർട്ടുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിലത്തെ മെഡിക്കൽ റിപ്പോർട്ടുകളും മറ്റു വിവരങ്ങളും ലഭ്യമാക്കാൻ കർണ്ണാടക സർക്കാരിനോട് ആവശ്യപ്പെട്ടി ട്ടുണ്ട്. |

സെക്ഷൻ ഓഫീസർ